## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 946 — 12.12.2012-ൽ മറുപടിക്ക്

### സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ ജോലി സമയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സി. പി. മുഹമ്മദ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ ആശുപത്രികളിൽ നേഴ്സുമാരുടെ ജോലി സമയം സംബന്ധിച്ച് തർക്കങ്ങൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ വിവിധ സ്വകാര്യ ആശുപത്രികളിൽ മേൽ വിഷയം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും തൊഴിൽ വകുപ്പ് സമയോചിതമായി ഇടപെട്ട് പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇതു പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാനുദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കുമോ; | (ബി) ഈ വിഷയങ്ങൾ സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതിയുടെ പരിഗണന യിലാണ്. കൂടാതെ ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തൊഴിൽ വകുപ്പിലെ ജോയിന്റ് ലേബർ കമ്മീഷണർ അദ്ധ്യക്ഷനായി ഒരു പഠനസമിതിയെ സർക്കാർ ചുമതലപ്പെടു ത്തിയിട്ടുമുണ്ട്. |
| (സി) സ്വകാര്യ ആശുപത്രി കളിലെ നേഴ്സുമാരുടെ ജോലി സമയം പഠിക്കാൻ സമിതി രൂപീകരിക്കുന്ന കാര്യം പരിഗ ണിക്കുമോ; വിശദമാക്കുമോ ? | (സി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ജോലി സമയം ക്രമീകരിക്കുന്നതിലേയ്ക്കായി സർക്കാർ ആശുപത്രികളിലേതുൾ പ്പെടെയുള്ള നഴ്സിംഗ് ജീവനക്കാരുടെ ജോലി സമയം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തൊഴിൽ വകുപ്പിന്റെയും, ആരോഗ്യ – വിദ്യാഭ്യാസ വകുപ്പിന്റെയും, നഴ്സിംഗ് കൗൺസി ലിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ആഫീസർ